LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. അസീസ്: സർ, അത്യന്തം ഗുരുതരവും പൈശാചികവുമായ നിലയിലായിരുന്നു കഴിഞ്ഞ ദിവസം പോലീസ് വിദ്യാർത്ഥികളെ ആക്രമിച്ചത്. ലോക്കപ്പ് മർദ്ദനം അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്ന ആളുകൾ ഭരിക്കുമ്പോൾ ഉണ്ടായിട്ടുള്ളതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം വിദ്യാർത്ഥികളെ മാത്രമല്ല, സമരം ചെയ്യുന്ന വിവിധ വിഭാഗം ആളുകളെയും ലോക്കപ്പിൽ കൊണ്ടുപോയി മർദ്ദിക്കുന്ന പ്രാകൃതമായ ഏർപ്പാട് ഉണ്ടായിട്ടുണ്ട്. വിദ്യാർത്ഥികളെ ഇന്നലെ പോലീസ് സ്റ്റേഷനിൽ കൊണ്ടുചെന്ന് വളരെ ക്രൂരമായി, നീചമായി ആണ് പോലീസ് മർദ്ദിച്ചത്. ആ പരിക്കുകളും പാടുകളും മുറിവുകളും ചതവുകളുമൊക്കെ കാണാൻ ഇടയായതാണ്. ഇത്തരത്തിൽ ഈ ഗവൺമെന്റ് ലോക്കപ്പ് മർദ്ദനം പ്രോത്സാഹിപ്പിച്ചുകൊണ്ട് ഭരണം നടത്തുന്നത് അവസാനിപ്പിക്കേണ്ടതാണ്. ഈ ഹീനമായ സംഭവത്തിൽ പ്രതിഷേധിച്ച് ഇന്നത്തെ സഭാനടപടികൾ ബഹിഷ്ക്കരിച്ച് ഞാനും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. എ. എ. അസീസ് സഭ വിട്ട് പുറത്തുപോയി)

III. ശ്രദ്ധക്ഷണിക്കൽ

(1) ആരോഗ്യമേഖല നേരിടുന്ന പ്രതിസന്ധി

(പ്രതിപക്ഷാംഗങ്ങൾ സഭാനടപടികൾ ബഹിഷ്ക്കരിച്ച് പോയതിനാൽ ശ്രീ. എം. വി. ജയരാജൻ നോട്ടീസ് നൽകിയിരുന്ന ശ്രദ്ധക്ഷണിക്കൽ ഉന്നയിക്കപ്പെട്ടില്ല.)

(2) ലക്ഷംവീട് പദ്ധതിപ്രകാരം നിർമ്മിച്ച വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടി

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ദുർബല ജനവിഭാഗങ്ങൾക്കും പാവപ്പെട്ടവർക്കും ഒട്ടേറെ ആശ്വാസകരമായ പദ്ധതികൾ നടപ്പിലാക്കിയ ഒരു ഗവൺമെന്റാണ് സംസ്ഥാനത്തെ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ്. അച്യുതമേനോൻ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ദുർബല ജനവിഭാഗങ്ങൾക്കുവേണ്ടി നടപ്പിലാക്കിയ ഒരു പദ്ധതിയാണ് ലക്ഷംവീട് പദ്ധതി. ഇന്ന് വളരെ വർഷങ്ങൾ പിന്നിട്ട ഈ വീടുകൾ പലതും ചോർന്നൊലിക്കുകയും പലതിനും മേൽക്കൂര ഇല്ലാതെ വെയിലും മഴയും കൊണ്ട് നശിച്ചുകൊണ്ടിരിക്കുകയുമാണ്. അവിടത്തെ താമസക്കാർ വളരെയേറെ വിഷമതകൾ സഹിച്ചുവരികയാണ്. അതോടൊപ്പംതന്നെ ഈ ലക്ഷം വീടുകൾ പലതും ഇന്ന് നശിച്ചുകഴിഞ്ഞു. അവയുടെ എണ്ണം എത്രയോ കുറഞ്ഞുപോയിട്ടുണ്ട്. സാനിട്ടേഷൻ സൗകര്യങ്ങളില്ലാത്ത ഈ വീടുകളിൽ തമസിക്കുന്ന ആളുകൾ വളരെയേറെ വിഷമതകൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. പലതിനും വാതിലുകളില്ല, മേൽക്കൂരയില്ല, സാനിട്ടേഷൻ സൗകര്യങ്ങളില്ല, കക്കൂസുകളില്ല. ഇക്കൊല്ലം നമുക്കറിയാം, നമ്മുടെ ബഡ്ജറ്റിൽ ലക്ഷം വീടുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക്വേണ്ടി ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചത് നല്ല കാര്യമാണ്. അതുകൊണ്ട്തന്നെ നമ്മുടെ സംസ്ഥാനത്തെ മുഴുവൻ ലക്ഷം വീടുകളുടേയും ഒരു സർവ്വേ നടത്തിക്കൊണ്ട് അതിൽ പൂർണ്ണമായും നശിച്ചുപോയ വീടുകൾക്ക് പകരമായി പുതിയ വീടുകൾ നിർമ്മിക്കുവാനും ഭാഗികമായി നശിച്ചുപോയ വീടുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം. അതോടൊപ്പംതന്നെ ഇന്ന് വളരെ ചെറിയ വീടുകളിൽ എത്രയോ ആളുകൾ താമസിച്ചുവരുന്നുണ്ട്. ഈ സാഹചര്യത്തിൽ പ്രത്യേക പദ്ധതി തയ്യാറാക്കിക്കൊണ്ട് അവ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഒട്ടേറെ പാവപ്പെട്ടവർക്ക് നല്ല ആശ്വാസം നൽകുന്ന ഒരു ഗവൺമെന്റാണ് നമ്മുടെ ഗവൺമെന്റ്. ഭൂപരിഷ്ക്കരണ നിയമവും അതുപോലെ ലക്ഷം വീട് പദ്ധതിയും നമ്മുടെ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലഘട്ടങ്ങളിൽ എക്കാലവും കേരളത്തിലെ ജനങ്ങൾക്ക് നൽകിയ നല്ല പദ്ധതികളാണ്. ഇനിയും ഇത്തരം ഒട്ടേറെ നല്ല പദ്ധതികൾ ദുർബല ജനവിഭാഗങ്ങൾക്ക് വേണ്ടി നാം നടപ്പിലാക്കണം. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റുകൾ ഭരിച്ചിരുന്ന കാലഘട്ടങ്ങളിൽ തൊഴിലാളികളുടെയും അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെയും താൽപ്പര്യങ്ങൾക്ക് വേണ്ടി നിലകൊള്ളുന്നുവെന്ന് അവകാശപ്പെടുന്ന ആ ഗവൺമെന്റുകൾ ഒരിക്കലും പാവപ്പെട്ടവരെ തിരിഞ്ഞ് നോക്കിയിട്ടില്ല. മാറി മാറി വന്ന ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റുകൾ മാത്രമാണ് തൊഴിലാളികൾക്ക് വേണ്ടി ഒട്ടേറെ ക്ഷേമപദ്ധതികളും ഇത്തരത്തിലുള്ള ദുർബല ജനവിഭാഗങ്ങൾക്ക് വേണ്ടി കാർഷിക പരിഷ്ക്കരണം, ഭൂപരിഷ്ക്കരണം തുടങ്ങിയ നിയമങ്ങളുമെല്ലാം നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കി മാതൃക കാണിച്ചത്. നമുക്കറിയാം, നമ്മുടെ മുഖ്യമന്ത്രി ശ്രീമാൻ എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന് ഒട്ടേറെ നല്ല പദ്ധതികൾ നടപ്പിലാക്കാൻ ഈ രണ്ട് വർഷത്തിനിടയ്ക്ക് സാധിച്ചിട്ടുണ്ട്. ഇനിയും ഈ മൂന്ന് വർഷത്തിനിടയ്ക്ക് പാവപ്പെട്ട ആളുകൾക്ക് വേണ്ടി ഒട്ടേറെ പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കണം. നമ്മുടെ ലക്ഷം വീട് പദ്ധതിയുടെ കാര്യത്തിൽ ജനങ്ങളിൽ വളരെയേറെ നല്ല ഒരു പ്രതികരണമാണ്. അതിന്റെ രണ്ടാം ഘട്ടം എന്ന നിലയിൽ നമ്മുടെ സർക്കാരും ഭവന നിർമ്മാണവകുപ്പും അതോടൊപ്പംതന്നെ ത്രിതല പഞ്ചായത്തുകളും നഗരസഭകളും, സന്നദ്ധ സംഘടനകളും എല്ലാം കൂടി ഒരു പുതിയ പദ്ധതിക്ക് രൂപം കൊടുക്കണം. നേരത്തേ ഞാൻ സൂചിപ്പിച്ചതുപോലെ നിലവിലുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കൊപ്പം തന്നെ ലക്ഷം വീട് പദ്ധതിയുടെ ഒരു പുതിയ പദ്ധതിക്ക് രൂപം നൽകിക്കൊണ്ട് നമ്മുടെ സംസ്ഥാനത്തെ വിവിധ ഏജൻസികളുടെ സഹകരണത്തോടും സഹായത്തോടും കൂടി നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിച്ചുകൊണ്ട് പാവപ്പെട്ടവരോട് കരുണ കാണിക്കണമെന്ന് മാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് ഗവൺമെന്റ് പൂർണ്ണമായി യോജിക്കുകയാണ്. വർഷങ്ങൾക്ക് മുമ്പ് ലക്ഷംവീട് പദ്ധതി പ്രകാരം നിർമ്മിക്കപ്പെട്ട വീടുകളൊക്കെ ശോചനീയാവസ്ഥയിലാണ്. പലതും ജീർണ്ണിച്ചവയും ദുർബലപ്പെട്ടവയുമാണ്. പലതും റിപ്പയർ ചെയ്യേണ്ടതാണ്, പുതുക്കി പണിയേണ്ടതാണ്. പക്ഷേ ഇത് സംബന്ധിച്ച് ഒരു കാര്യം ഞാൻ പറയാൻ ആഗ്രഹിക്കുന്നത് ഗവൺമെന്റ് ആഭിമുഖ്യത്തിനുപകരം പത്താം പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ലക്ഷം വീടുകൾ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതിയാണ് ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുള്ളത്. അതിനുവേണ്ടി പ്ലാനിംഗ് ആന്റ് ഇക്കണോമിക് അഫയേഴ്സ് ഡിപ്പാർട്ടുമെന്റിൽ നിന്ന് ഒരു ഗൈഡ്ലൈൻ ഇറക്കിയിട്ടുണ്ട്. അതായത് 30-9-2002-ൽ ആണ് പ്ലാനിംഗ് ആന്റ് ഇക്കണോമിക് അഫയേഴ്സ് ഡിപ്പാർട്ടുമെന്റിൽ നിന്ന് അതിനുള്ള ഗൈഡ്ലൈൻ ഇറക്കിയിരിക്കുന്നത്. ആ ഗൈഡ്ലൈൻ ഇറക്കിയിരിക്കുന്നതിനനുസരിച്ച് ഓരോ പഞ്ചായത്തിലും, സംസ്ഥാന തലത്തിൽ നമുക്ക് സർവ്വേ ആവശ്യമില്ല. ഇതിന്റെ ചുമതലയും നിർവ്വഹണവും മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മുനിസിപ്പാലിറ്റികളേയും പഞ്ചായത്തുകളേയും ഏൽപ്പിക്കുക. അവരുടെ ഏരിയയിലുള്ള ലക്ഷം വീടുകൾ ഓരോ പഞ്ചായത്ത്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ

ജൂറിസ്ഡിക്ഷന് അകത്തുള്ള ലക്ഷം വീട് കോളനികൾ, ഏതൊക്കെ റിപ്പയർ ചെയ്യണം, ഏതൊക്കെ പുതുക്കി പണിയണമെന്നൊക്കെ അവർ തന്നെ തീരുമാനിച്ച് അവർതന്നെ സ്ക്കീം ഉണ്ടാക്കുക. ഗവൺമെന്റിന്റെ അസിസ്റ്റൻസ് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട് റെനവേഷൻ റിപ്പയർ മാത്രം ആണെന്നുണ്ടെങ്കിൽ ജനറൽ സെക്ടറിൽ ആണെങ്കിൽ വീടുകൾ റിപ്പയർ ചെയ്യുന്നതിന് അയ്യായിരം രൂപ സബ്സിഡി കൊടുക്കും. അത് ഷെഡ്യൂൾഡ് കാസ്റ്റ് ഷെഡ്യൂൾഡ് ട്രൈബ്സിന്റെ വീടുകളാണെന്നുണ്ടെങ്കിൽ, അങ്ങനെയുള്ള വിഭാഗങ്ങൾക്ക് പതിനായിരം രൂപ വരെ വീടുകൾ നന്നാക്കുന്നതിനുവേണ്ടി സബ്സിഡി നൽകിയിരുന്നു. അതുപോലെതന്നെ ഷെൽട്ടർ അപ്ഗ്രഡേഷൻ, മേൽക്കൂര ചിലപ്പോൾ പുതുക്കി പണിത് ബലപ്പെടുത്തേണ്ടതായിട്ടു വരാം. അങ്ങനെയുള്ള കേസുകളിൽ 7500 രൂപ സബ്സിഡി നൽകും. ഇതിനുപുറമേ ഏതെങ്കിലും വീടുകൾ പുതുതായി പുതുക്കി പണിയാനും, റിപ്പയർ മാത്രം പോര റീകൺസ്ട്രക്ട് ചെയ്യണമെന്നുമുണ്ടെങ്കിൽ അതിനും ഈ പദ്ധതി അനുസരിച്ച് നിർമ്മാണം ഏറ്റെടുക്കാവുന്നതാണ്. പരമാവധി ഇത്രയും സഹായം സബ്സിഡിയായി നൽകുന്നതിന് ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. അതിന്റെ അർത്ഥം ഗവൺമെന്റ് സംസ്ഥാന വ്യാപകമായി ഈ പദ്ധതി നടപ്പിലാക്കി വരുന്നു എന്നതാണ്. അതിന്റെ ഏജൻസി എന്നു പറയുന്നതുതന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. അതിനുള്ള സബ്സിഡിയുമുണ്ട്. അതുകൊണ്ട്, ഇത് പ്രയോജനപ്പെടുത്തിക്കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ലക്ഷം വീടുകൾ ഇവയൊക്കെ നന്നാക്കിക്കൊടുക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും പുതുക്കി പണിയുന്നതിനുമുള്ള നടപടികൾ അവർ മുന്നോട്ടു നീക്കുമെന്ന് പ്രത്യാശിക്കുകയാണ്. ഏതായാലും തീർച്ചയായിട്ടും ഗവൺമെന്റ് ഈ പരിപാടി വിജയത്തിലേക്ക് എത്തിക്കുന്നതിനുവേണ്ടി വളരെ ശ്രദ്ധയോടുകൂടി കാര്യങ്ങൾ നീക്കുമെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് ഞാൻ ഉറപ്പുതരുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി: വിവിധ ഏജൻസികളുടെ സഹായത്തോടുകൂടി ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ ഒരു രണ്ടാംഘട്ട ലക്ഷം വീട് പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ?

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് രണ്ടാംഘട്ട നിർമ്മാണമാണ്. ഗവൺമെന്റ് ഓർഡറിലൂടെ, ഈ പ്ലാനിംഗ് ആന്റ് ഇക്കണോമിക് അഫയേഴ്സിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന ഈ പദ്ധതി, രണ്ടാം ഘട്ടത്തിന്, പുതുതായി വിചാരിച്ചാൽ മതി. വേറെയൊരു പുതിയ പദ്ധതി രൂപകൽപ്പന ചെയ്യാനുള്ള ആലോചന ഗവൺമെന്റ് ഇതുവരെ നടത്തിയിട്ടില്ല.

IV. സബ്മിഷൻ

(1) ചിറപ്പുറത്ത് പോലീസ് ഔട്ട് പോസ്റ്റ് സ്ഥാപിക്കൽ

ശ്രീമതി മാലേത്ത് സരളാദേവി: ആറന്മുള നിയോജകമണ്ഡലത്തിലെ അയിരൂർ പഞ്ചായത്തിലെ ചിറപ്പുറത്ത് പോലീസ് ഔട്ട് പോസ്റ്റ് സ്ഥാപിക്കണമെന്ന് പറഞ്ഞ് ആദരണീയനായ മുഖ്യമന്ത്രി അവർകൾക്ക് 27-8-2001-ൽ ഒരു കത്ത് സമർപ്പിക്കുകയും അത് അനുസരിച്ച് അദ്ദേഹം 17-9-2001-ൽ 48811/ഇ1/2001/ആഭ്യന്തരം എന്ന മറുപടിയിൽ ഇതിനുവേണ്ടിയുള്ള എല്ലാ കാര്യങ്ങളും സമർപ്പിക്കുവാൻ പോലീസ് ഡയറക്ടർ ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്നു പറഞ്ഞ് കത്ത് നൽകുകയും ചെയ്തു. അതിന്റെ വെളിച്ചത്തിൽ പത്തനംതിട്ട എസ്.പി. കോഴഞ്ചേരി സർക്കിൾ ഇൻസ്പെക്ടറോട് ഇതിനെക്കുറിച്ച് വിവരങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly